**"ഭരണഭാഷ  മാതൃഭാഷ"**

നം. KDFWF/D/774/2020 **കേരള ക്ഷീരകർഷക ക്ഷേമനിധി**

തിരുവനന്തപുരം, തീയതി. 06.04.2020

**സർക്കുലർ നം.- 01/2020**

വിഷയം :- ക്ഷീരകർഷക ക്ഷേമനിധി - കോവിഡ് - 19 മായി ബന്ധപ്പെട്ട് പ്രത്യേക അടിയന്തിര ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച്.

സൂചന:- ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ 01/91 നമ്പർ തീരുമാനം.

ലോകം മുഴുവൻ കോവിഡ് 19 എന്ന മഹാവ്യാധി പൊതുജന ജീവിതത്തെയും സാമ്പത്തിക സ്ഥിതിയെയും ബാധിച്ച അവസ്ഥയിലാണ്. കേരളത്തിലെ സ്ഥിതിയും ഇതിൽ നിന്നും വ്യത്യസ്തമല്ല. സംസ്ഥാന സർക്കാർ എല്ലാവിഭാഗം ജനങ്ങൾക്കും ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിൽ ബദ്ധശ്രദ്ധമാണ്. ഈ അവസരത്തിൽ കടുത്ത സാമ്പത്തിക പ്രതിസന്ധികൾ ഉണ്ടെങ്കിൽ പോലും ക്ഷീരകർഷകർക്ക് ചെറിയ തോതിലെങ്കിലുമുള്ള ഒരു ധനസഹായം നൽകുന്നതിന് ക്ഷേമനിധി ബോർഡ് തീരുമാനിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ എല്ലാ ക്ഷീരസംഘങ്ങളും നിലവിൽ പ്രഖ്യാപിച്ചിരിക്കുന്ന ലോക്ഡൗൺ കാലാവധി (2020 ഏപ്രിൽ 14) അവസാനിക്കുന്നതിന് മുമ്പായി താഴെപറയുന്ന ആനുകൂല്യങ്ങൾ ക്ഷീരകർഷകർക്ക് ലഭ്യമാകുന്ന രീതിയിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1) **ക്ഷേമനിധി അംഗങ്ങൾക്കുള്ള ആശ്വാസധനസഹായം :**

2020 മാർച്ച് 01 മുതൽ 20 വരെയുള്ള കാലയളവിൽ ക്ഷീരസംഘങ്ങളിൽ പാലളന്ന എല്ലാ ക്ഷേമനിധി അംഗങ്ങൾക്കും അവർ അളന്ന ഓരോ ലിറ്റർ പാലിനും ഒരു രൂപ ആശ്വാസധനസഹായമായി നൽകുന്നതാണ്. എന്നാൽ കുറഞ്ഞ തുകയായി 250/- രൂപയും പരമാവധി 1000/- രൂപയിൽ അധികരിക്കാത്ത രീതിയിലായിരിക്കും ധനസഹായം നൽകുന്നത്.

ക്ഷീരസംഘങ്ങൾ തങ്ങളുടെ സംഘത്തിൽ പാലളന്ന എല്ലാ ക്ഷേമനിധി അംഗങ്ങളുടെയും 2020 മാർച്ച് 01 മുതൽ 20 വരെയുള്ള പാലളവ് കണക്കാക്കി 2020 ഏപ്രിൽ 14 ന് മുമ്പായി ആശ്വാസധനസഹായ തുക മുൻകൂറായി നൽകേണ്ടതാണ്. ഇത്തരത്തിൽ ക്ഷീരകർഷർക്ക് നൽകുന്ന തുകയുടെ രസീത് നിശ്ചിത പ്രൊഫോർമയിൽ വാങ്ങി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

അർഹരായ എല്ലാ ക്ഷീരകർഷകർക്കും ആശ്വാസധനസഹായം നൽകിക്കഴിഞ്ഞ ക്ഷീരസംഘങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന

നിശ്ചിത മാതൃകയിൽ ധനസഹായതുക തിരികെ ലഭിക്കുന്നതിലേയ്ക്കായി ബ്ലോക്ക് നോഡൽ ഓഫീസർ മുഖേന ക്ഷേമനിധിയിലേയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ക്ഷേമനിധിയിൽ നിന്നും തുക തിരികെ ലഭിക്കുന്നതിനായി ക്ഷീരസംഘങ്ങൾ ഒറ്റത്തവണ മാത്രമേ അപേക്ഷ സമർപ്പിക്കുവാൻ പാടുള്ളു എന്ന വിവരം അറിയിക്കുന്നു.

2) **<u>കോവിഡ് ബാധിതതർക്കുള്ള ധനസഹായം</u>** :

കോവിഡ് രോഗബാധിതരായ ക്ഷീരകർഷക ക്ഷേമനിധി അംഗങ്ങൾക്ക് 10,000/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുണ്ട്. കോവിഡ് ബാധ സ്ഥിരീകരിച്ചിട്ടുള്ള ക്ഷീരകർഷക ക്ഷേമനിധി അംഗം നിശ്ചിത മാതൃകയിലുള്ള അപേക്ഷ ചുമതലപ്പെടുത്തിയിരിക്കുന്ന സർക്കാർ ആരോഗ്യ കേന്ദ്രത്തിൽ നിന്നുമുള്ള രോഗസ്ഥിരീകരണ സർട്ടിഫിക്കറ്റ് ഉൾപ്പെടെ ക്ഷീരസംഘത്തിൽ സമർപ്പിക്കേണ്ടതാണ്.(കുടുംബാംഗം മുഖേന) ക്ഷീരസംഘം സെക്രട്ടറി ആവശ്യമായ പരിശോധനകൾക്ക് ശേഷം സംഘം ഭരണസമിതിയുടെ ശുപാർശ സഹിതം അപേക്ഷ ബ്ലോക്ക് നോഡൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ബ്ലോക്ക് നോഡൽ ഓഫീസർമാർ അപേക്ഷയുടെ സാധുത ഉറപ്പുവരുത്തി ക്ഷീരജാലകം സോഫ്റ്റ് വെയറിലൂടെ ജില്ലാ നോഡൽ ഓഫീസർ മുഖേന ക്ഷേമനിധിയിലേയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ക്ഷേമനിധി ഓഫീസിലെ സാധുത പരിശോധനയ്ക്ക് ശേഷം അപേക്ഷകന്റെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ധനസഹായ തുക അനുവദിക്കുന്നതാണ്.

3) **<u>കോവിഡ് നിരീക്ഷണത്തിലുള്ളവർക്കുള്ള ധനസഹായം</u>** :

കോവിഡ് നിരീക്ഷണത്തിലുള്ള ക്ഷീരകർഷക ക്ഷേമനിധി അംഗങ്ങൾക്ക് 2,000/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുണ്ട്. കോവിഡ് ബാധ നിരീക്ഷണത്തിലുള്ള ക്ഷീരകർഷക ക്ഷേമനിധി അംഗം നിശ്ചിത മാതൃകയിലുള്ള അപേക്ഷ ചുമതലപ്പെടുത്തിയിരിക്കുന്ന സർക്കാർ ആരോഗ്യ കേന്ദ്രത്തിൽ നിന്നുമുള്ള രോഗനിരീക്ഷണത്തിലാണെന്നുള്ള സർട്ടിഫിക്കറ്റ് ഉൾപ്പെടെ ക്ഷീരസംഘത്തിൽ സമർപ്പിക്കേണ്ടതാണ്. ക്ഷീരസംഘം സെക്രട്ടറി ആവശ്യമായ പരിശോധനകൾക്ക് ശേഷം സംഘം ഭരണസമിതിയുടെ ശുപാർശ സഹിതം ബ്ലോക്ക് നോഡൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ബ്ലോക്ക് നോഡൽ ഓഫീസർമാർ അപേക്ഷയുടെ സാധുത ഉറപ്പുവരുത്തി ക്ഷീരജാലകം സോഫ്റ്റ് വെയറിലൂടെ ജില്ലാ നോഡൽ ഓഫീസർ മുഖേന ക്ഷേമനിധിയിലേയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്._ക്ഷേമനിധി ഓഫീസിലെ സാധുത പരിശോധനയ്ക്ക് ശേഷം അപേക്ഷകന്റെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ധനസഹായ തുക അനുവദിക്കുന്നതാണ്.

2020 ഏപ്രിൽ 14 ന് മുമ്പായി അർഹരായ എല്ലാ ക്ഷീരകർഷക ക്ഷേമനിധി അംഗങ്ങൾക്കും ധനസഹായം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതിന്റെ ചുമതല അതാത് ക്ഷീരസംഘം സെക്രട്ടറിമാർക്ക് ആയിരിക്കും. ബ്ലോക്ക് തലത്തിൽ അപേക്ഷകളുടെ സാധുതാ പരിശോധന, ധനസഹായ വിതരണ മേൽനോട്ടം എന്നിവ അതാത് ബ്ലോക്ക് നോഡൽ ഓഫീസർമാർക്ക് ആയിരിക്കും. ജില്ലാതലത്തിൽ ധനസഹായ വിതരണത്തിന്റെ മോണിറ്ററിംഗ് ക്ഷേമനിധിയുടെ ജില്ലാ നോഡൽ ഓഫീസർമാർക്കായിരിക്കും.

**ചെയർമാൻ** **ചീഫ് എക്സിക്യൂട്ടീവ് ഓഫീസ ർ**

CHIEF EXECUTIVE OFFICER
Kerala Dairy Farmers Welfare Fund
Thiruvananthapuram

OFFICE OF THE EXECUTIVE OFFICER
Thiruvananthapuram
Date:..........................
KERALA DAIRY FARMERS WELFARE FUND

**പകർപ്പ്:**

1) ചെയർമാൻ, കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ്
2) ക്ഷീരവികസന വകുപ്പ് ഡയറക്ടർ (ആമുഖകത്ത് സഹിതം)
3) എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
4) എല്ലാ ജില്ലാ നോഡൽ ഓഫീസർമാർക്കും (ഈ സർക്കുലറിലെ വിവരങ്ങൾ അതാത് ജില്ലയിലെ എല്ലാ പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളെയും, ക്ഷീരവികസന ഓഫീസർമാരെയും ഡയറി ഫാം ഇൻസ്ട്രക്ടർമാരെയും, ക്ഷീരജാലകം പ്രമോട്ടർമാരെയും അറിയിക്കേണ്ടതാണ് )
5) സഞ്ചയം/ശേഖരസഞ്ചയം